# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 163 — **22.03.2012**-ൽ മറുപടിയ്ക്ക്

### ഓൺലൈൻ വഴി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>,, എ.എം. ആരിഫ്<br>,, വി. ചെന്താമരാക്ഷൻ<br>,, ജെയിംസ് മാത്യു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| എ. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈൻ വഴി എല്ലാ വകുപ്പുകളിലും സ്ഥലം മാറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ഒരു വർഷ കർമ്മ പദ്ധതിയുടെ ഭാഗമായി വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്തുന്ന ഒരു പേഴ്സണൽ പോളിസി രൂപികരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും പൊതുസ്ഥലംമാറ്റ പ്രക്രീയ സുതാര്യവൽക്കരിക്കുന്നതാണ്. ഇതോടൊപ്പം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈൻ വഴി എല്ലാ വകുപ്പുകളിലും സ്ഥലം മാറ്റം നടത്തുന്നതിനുള്ള കാര്യവും പരിഗണിക്കുന്നതാണ്. |
| ബി. സ്ഥലംമാറ്റങ്ങൾക്ക് അപേക്ഷ ഓൺലൈൻ വഴി സ്വീകരിക്കുന്നതിനും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള സോഫ്റ്റ് വെയറുകൾ വഴി പ്രോസസ് ചെയ്യുന്നതിനും സാദ്ധ്യമാണോ; | (ബി) സാധ്യമാണ് |

| | | | |
|---|---|---|---|
| സി. | എതെങ്കിലും വകുപ്പിൽ മുൻ സർക്കാർ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇത്തരത്തിൽപൊതുസ്ഥലംമാറ്റം നടത്തിയിരുന്നുവോ; ഇപ്പോൾ പ്രസ്തുത വകുപ്പിൽ ഈ രീതി നടപ്പിലുണ്ടോ; | (സി) | ഹയർസെക്കൻഡറി വകുപ്പിൽ പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലാണ് നടത്തിവരുന്നത് |
| ഡി. | സ്ഥലംമാറ്റങ്ങൾ സുതാര്യമാക്കാൻ ഓൺലൈൻ മാർഗത്തിന് സാദ്ധ്യമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ